ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 01.08.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ഉരുൾപൊട്ടലുണ്ടായ വയനാട്ടിലെ മുണ്ടക്കൈ, ചൂരൽമല പ്രദേശങ്ങൾ അതിജീവനത്തിൻറെ പാതയിൽ; സൈന്യത്തിന്റെ ബെയ്‌ലി പാലം തുറന്നു കൊടുത്തു; ജീവനോടെയുണ്ടായിരുന്ന എല്ലാവരെയും രക്ഷപ്പെടുത്തിയതായി മുഖ്യമന്ത്രി പിണറായി വിജയൻ.

   **Mundakai and Churalmala areas of Wayanad hit by landslides on the path of survival; Bailey Bridge of the Army was opened; Chief Minister Pinarayi Vijayan said that everyone who was alive was rescued.**

2. വയനാട്ടിലേത് മികച്ച രക്ഷാപ്രവർത്തനമെന്ന് സർവ്വകക്ഷിയോഗം; പുനഃരധിവാസം സമഗ്രമായി നടപ്പാക്കണമെന്നാവശ്യം; മുഖ്യമന്ത്രി പിണറായി വിജയനും, ലോക്സഭാ പ്രതിപക്ഷനേതാവ് രാഹുൽഗാന്ധിയും ദുരന്തമേഖല സന്ദർശിച്ചു.

   **All-Party Meeting held at Wayanad on rescue operation; The need for comprehensive implementation of rehabilitation; Chief Minister Pinarayi Vijayan and Lok Sabha Opposition Leader Rahul Gandhi visited the disaster area.**

3. ഉരുൾപ്പൊട്ടൽ തുടർപ്രവർത്തനങ്ങൾക്ക് നാലംഗ മന്ത്രിസഭാ ഉപസമിതി രൂപീകരിച്ചു; കുട്ടികളുടെ പഠനം മുടങ്ങാതിരിക്കാൻ നടപടി ഉറപ്പാക്കും.

**A four-member cabinet sub-committee has been formed for follow-up operations; Action will be taken to ensure that children's studies are not disrupted.**

4. കേരളത്തിൽ മഴ തുടരും; ഇന്ന് നാല് വടക്കൻ ജില്ലകളിൽ ഓറഞ്ച് ജാഗ്രത; നാളെ അഞ്ച് ജില്ലകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി.

**Rain will continue in Kerala; Orange alert in four northern districts today; Tomorrow is a holiday for educational institutions in five districts.**

5. പാർലമെന്റിൽ ബജറ്റിന്മേലുള്ള ധനാഭ്യർത്ഥന ചർച്ച തുടരുന്നു.

**Debate on the budget continues in Parliament**

6. പാരീസ് ഒളിമ്പിക്സിൽ ഇന്ത്യക്ക് വീണ്ടും മെഡൽ നേട്ടം; ഷൂട്ടിംഗിൽ മൂന്നാം മെഡൽ നേടിയത് സ്വപ്നിൽ കുസാലെ; അഭിനന്ദനവുമായി രാഷ്ട്രപതിയും പ്രധാനമന്ത്രിയും.

**India wins medal again in Paris Olympics; Swapnil Kusale won the third medal in shooting; President, Vice President, and Prime Minister with congratulated the winner.**

**&&&&&&&&&&&&&&&&&&**

## WAYANAD GENERAL STORY

ഉരുൾപൊട്ടലുണ്ടായ വയനാട്ടിലെ മുണ്ടക്കൈ, ചൂരൽമല പ്രദേശങ്ങൾ അതിജീവനത്തിൻറെ പാതയിൽ. മണ്ണിനടിയിൽ

കുടുങ്ങിക്കിടക്കുന്നവരെ പുറത്തെത്തിക്കാൻ സൈന്യവും പൊലീസും ഉൾപ്പെടെയുള്ള സംവിധാനങ്ങൾ വിശ്രമമില്ലാതെ പ്രവർത്തിക്കുകയാണ്. മലവെള്ളപ്പാച്ചിലിൽ പൂർണ്ണമായും തകർന്ന മുണ്ടക്കൈയിൽ സൈന്യം ഒരുക്കിയ താല്ക്കാലിക ബെയ് ലി പാലം സജ്ജമായി. വൈകിട്ട് 5.50 ഓടെ പാലത്തിലൂടെ ആദ്യവാഹനം കടത്തി വിട്ടു. രക്ഷാപ്രവർത്തനത്തിനും തിരച്ചിലിനും പാലം വലിയ പ്രയോജനം ചെയ്യും. കരസേനയുടെ മദ്രാസ് എഞ്ചിനീയറിംഗ് ഗ്രൂപ്പിൻറെ നേതൃത്വത്തിലാണ് പാലം നിർമ്മിച്ചത്. അതിനിടെ ദുരന്തത്തിൽ മരണസംഖ്യ 280 കവിഞ്ഞതായാണ് റിപ്പോർട്ടുകൾ. 98 മൃതദേഹങ്ങൾ തിരിച്ചറിഞ്ഞിട്ടുണ്ട്. നിരവധി പേരുടെ ശരീരഭാഗങ്ങളും തിരച്ചിലിൽ കണ്ടെത്തി. 200-ലധികം പേരെയാണ് ഇനി കണ്ടെത്താനുള്ളത്. രണ്ടായിരത്തോളം പേരെ രക്ഷപ്പെടുത്തി.

&&&&&&&&&&&&&&&&&&

## WAYANAD INTRO

വയനാട് ജില്ലയിൽ 91 ദുരിതാശ്വാസ ക്യാമ്പുകളിലായി 9,328 പേരെ മാറ്റിതാമസിപ്പിച്ചു. ചൂരൽമല ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ആരംഭിച്ച 9 ക്യാമ്പുകൾ ഉൾപ്പെടെയാണിത്.

*കൂടുതൽ വിവരങ്ങളുമായി ആകാശവാണി വയനാട് ജില്ലാ പ്രതിനിധി അരുൺ വിൻസൻറ്----*

*(വോയിസ്)*

&&&&&&&&&&&&&&&&&&

## CM-WAYANAD

വയനാട് ഉരുൾപൊട്ടൽ ബാധിത മേഖലയിൽ ജീവനോടെയുണ്ടായിരുന്ന എല്ലാവരെയും രക്ഷപ്പെടുത്താൻ കഴിഞ്ഞതായി മുഖ്യമന്ത്രി പിണറായി വിജയൻ. രക്ഷാപ്രവർത്തനങ്ങളിൽ സൈന്യം നൽകിയ സേവനങ്ങളെ മുഖ്യമന്ത്രി അഭിനന്ദിച്ചു. ഒറ്റപ്പെട്ട് ആരെങ്കിലും കുടുങ്ങിക്കിടക്കുന്നുണ്ടോ എന്ന കാര്യം പരിശോധിക്കുന്നുണ്ടെന്നും വയനാട് കളക്ടറേറ്റിൽ ചേർന്ന അവലോകന യോഗത്തിന് ശേഷം മുഖ്യമന്ത്രി മാധ്യമങ്ങളോട് പറഞ്ഞു. മൃതദേഹങ്ങൾ കണ്ടെത്തുന്നതിനായുള്ള തിരച്ചിൽ തുടരും. ഉരുൾപൊട്ടൽ ദേശീയ ദുരന്തമായി പ്രഖ്യാപിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. ദുരന്തബാധിതരുടെ പുനരധിവാസ പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പാക്കുമെന്നും മുഖ്യമന്ത്രി അറിയിച്ചു. പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി നാലംഗ മന്ത്രിസഭാ സമിതിയെ നിയോഗിച്ചതായും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&

## ALL PARTY MEETING

വയനാട്ടിൽ ഉരുൾപൊട്ടലിനെ തുടർന്ന് മികച്ച രക്ഷാപ്രവർത്തനമാണ് നടന്നതെന്ന് മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന സർവകക്ഷി യോഗം വിലയിരുത്തി. എല്ലാവരും ഒന്നിച്ചു നിന്ന് പ്രതിസന്ധിഘട്ടം തരണം ചെയ്യണമെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ അഭിപ്രായപ്പെട്ടു. സർക്കാരിന് പ്രതിപക്ഷത്തിന്റെ പൂർണ പിന്തുണയുണ്ടെന്നും അദ്ദേഹം അറിയിച്ചു. സമയബന്ധിതമായി പുനരധിവാസം നടപ്പാക്കണമെന്ന് പ്രതിപക്ഷ ഉപനേതാവ് പി കെ കുഞ്ഞാലിക്കുട്ടി പറഞ്ഞു. സർവകക്ഷി യോഗത്തിൽ ഉയർന്ന അഭിപ്രായങ്ങൾ

പുനരധിവാസ പ്രക്രിയയെ സഹായിക്കുമെന്ന് മുഖ്യമന്ത്രി അറിയിച്ചു.

&&&&&&&&&&&&&&&&&&

## RAHUL WAYANAD

വയനാട്ടിൽ ഉരുൾപൊട്ടലും മറ്റ് പ്രകൃതിദുരന്തങ്ങളും ആവർത്തിക്കുന്ന സാഹചര്യത്തിൽ സമഗ്രമായ കർമപദ്ധതി തയ്യാറാക്കേണ്ടത് അത്യാവശ്യമാണെന്ന് ലോക്സഭാ പ്രതിപക്ഷനേതാവ് രാഹുൽ ഗാന്ധി. ഉരുൾപൊട്ടൽ നാശം വിതച്ച പ്രദേശവും ക്യാമ്പുകളിൽ കഴിയുന്ന ദുരിതബാധിതരെയും സന്ദർശിച്ചശേഷമാണ് അദ്ദേഹം ഇക്കാര്യം പറഞ്ഞത്. സ്ഥലത്തെ രക്ഷാപ്രവർത്തനം പുനരധിവാസ പ്രവർത്തനം തുടങ്ങിയവ നേരിട്ട് നിരീക്ഷിക്കുന്നുണ്ടെന്നും വേണ്ട എല്ലാ സഹായങ്ങളും ഉറപ്പുവരുത്താൻ ശ്രമിക്കുമെന്നും ശ്രീ.രാഹുൽഗാന്ധി അറിയിച്ചു.

&&&&&&&&&&&&&&&&&&

## CM-CHILDREN EDUCATION

ഉരുൾപൊട്ടൽ ബാധിത മേഖലയിൽ കുട്ടികളുടെ വിദ്യാഭ്യാസത്തിന് തടസമുണ്ടാകാതിരിക്കാൻ നടപടി സ്വീകരിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കുട്ടികൾ എവിടെയാണോ, അവിടെയിരുന്ന് തന്നെ പഠനം നടത്തുന്നതിന് താത്കാലിക സംവിധാനമൊരുക്കും. ദുരന്തത്തെ അഭിമുഖീകരിച്ചവർക്കുണ്ടായ മാനസികാഘാതം പ്രതീക്ഷിക്കാവുന്നതിനും അപ്പുറമാണെന്നും, എല്ലാവർക്കും കൗൺസിലിങ് നൽകുമെന്നും മുഖ്യമന്ത്രി അറിയിച്ചു. ഉരുൾപൊട്ടലിൽ മുണ്ടക്കൈ, വെള്ളാർമല, മേപ്പാടി ഭാഗങ്ങളിലെ നാല് സ്കൂളുകളിൽ പഠിച്ചിരുന്ന 29 വിദ്യാർത്ഥികളെ കാണാതായി എന്നാണ് റിപ്പോർട്ട്.

&&&&&&&&&&&&&&&&&&

## WEATHER KERALA

വടക്കൻ കേരളത്തിൽ ഇന്നും അതിശക്തമായ മഴ തുടരാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. തിരുവനന്തപുരം, ആലപ്പുഴ ഒഴികെയുള്ള ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്. തൃശൂർ,മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ 5 ജില്ലകളിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും നാളെ ജില്ലാകളക്ടർമാർ അവധി പ്രഖ്യാപിച്ചു. കേരള - കർണാടക- ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി. നദികളിലെ ജലനിരപ്പ് അപകടകരമായി ഉയരുന്ന സാഹചര്യത്തിൽ തൃശൂരിലെ കരുവന്നൂർ, ഗായത്രി പുഴകളിൽ കേന്ദ്ര ജലകമ്മീഷൻ ഓറഞ്ച് ജാഗ്രത നൽകി. പ്രളയ മുന്നറിയിപ്പിൻറെ സാഹചര്യത്തിൽ നദീതീരങ്ങളിൽ താമസിക്കുന്നവർ ജാഗ്രത പാലിക്കണം.

&&&&&&&&&&&&&&&&&&

## NEHRU TROPHY

ഈമാസം 10 ന് ആലപ്പുഴ പുന്നമടക്കായലിൽ നടത്താനിരുന്ന നെഹ്റുട്രോഫി ജലമേള മാറ്റിവച്ചു. വയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിലാണ് വള്ളംകളി മാറ്റിയത്. പുതുക്കിയ തീയതി പിന്നീട് തീരുമാനിക്കും.

&&&&&&&&&&&&&&&&&&

## EVE PARIS OLYMPICS

പാരീസ് ഒളിമ്പിക്സിൽ,ആറാം ദിനത്തിൽ മൂന്നാമത്തെ വെങ്കല മെഡൽ സ്വന്തമാക്കി ഇന്ത്യ . ഷൂട്ടിംഗിൽ പുരുഷന്മാരുടെ 50 മീറ്റർ റൈഫിൾ 3 പൊസിഷൻസ് വിഭാഗത്തിൽ സ്വപ്നിൽ കുസാലെയാണ് വെങ്കല മെഡൽ നേടിയത് . ഈ ഇനത്തിൽ ഒളിമ്പിക്സ് മെഡൽ നേടുന്ന ആദ്യ ഇന്ത്യൻ ഷൂട്ടറായി ഇതോടെ അദ്ദേഹം മാറി. പുരുഷ സിംഗിൾസ് പ്രീ-ക്വാർട്ടറിൽ എച്ച്.എസ് പ്രണോയിയെ പരാജയപ്പെടുത്തി ലക്ഷ്യ സെൻ ക്വാർട്ടറിൽ പ്രവേശിച്ചു. പുരുഷ ഹോക്കിയിൽ ഇന്ത്യ ഒന്നിനെതിരെ രണ്ട് ഗോളുകൾക്ക് ബെൽജിയത്തോട് പരാജയപ്പെട്ടു . ബാഡ്മിൻ്റണിൽ സാത്വിക്സായിരാജ് രങ്കിറെഡ്ഡി-ചിരാഗ് ഷെട്ടി സഖ്യം പുരുഷ ഡബിൾസ് ക്വാർട്ടർ ഫൈനലിൽ പരാജയപ്പെട്ടു. 21-13, 14-21, 16-21 എന്ന സ്കോറിന് മലേഷ്യൻ സഖ്യമാണ് പരാജയപ്പെടുത്തിയത്.ഇന്ന് നടക്കുന്ന ബാഡ്മിൻറൺ വനിതാ സിംഗിൾസ് പ്രീ ക്വാർട്ടറിൽ പി.വി.സിന്ധു ചൈനീസ് താരവുമായി ഏറ്റുമുട്ടും.

&&&&&&&&&&&&&&&&&&

## PREZ,PM-SWAPNIL KUSALE

പാരീസ് ഒളിമ്പിക്സിൽ വെങ്കലം നേടിയ സ്വപ്നിൽ കുസാലെയെ അഭിനന്ദിച്ച് രാഷ്ട്രപതിയും ഉപരാഷ്ട്രപതിയും പ്രധാനമന്ത്രിയും. ഭാവിയിൽ കൂടുതൽ പുരസ്കാരങ്ങൾ നേടാൻ സ്വപ്നിൽ കുസാലെയ്ക്ക് സാധിക്കട്ടെ എന്ന് രാഷ്ട്രപതി ദ്രൗപദി മുർമു സമൂഹ മാധ്യമത്തിൽ കുറിച്ചു . സ്വപ്നിലിൻറെ അർപ്പണബോധവും സ്ഥിരോത്സാഹവും രാജ്യത്തിന്റെ അഭിമാനം ഉയർത്തിയതായി ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ

പറഞ്ഞു. സ്വപ്നിൽ കുസാലെയുടെ അസാധാരണ പ്രകടനമാണിതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി സമൂഹമാധ്യമത്തിൽ കുറിച്ചു .

&&&&&&&&&&&&&&&&&&

## LEBANON ADVISORY

ലെബനനിലെ നിലവിലെ സംഭവവികാസങ്ങളുടെ പശ്ചാത്തലത്തിൽ ഇനിയൊരു അറിയിപ്പ് ഉണ്ടാകുന്നത് വരെ ലെബനനിലേക്കുള്ള യാത്ര ഒഴിവാക്കണമെന്ന് ബെയ്റൂട്ടിലെ ഇന്ത്യൻ എംബസ്സിയുടെ മുന്നറിയിപ്പ്. ഇന്ത്യൻ പൗരന്മാർക്ക് ജാഗ്രത നിർദേശം നൽകിയിരിക്കുന്നത്. എംബസിയുമായി ഇ-മെയിൽ, ഫോൺ എന്നിവയിലൂടെ നിരന്തരം സമ്പർക്കം പുലർത്തണമെന്നും നിർദേശത്തിൽ പറയുന്നു.

&&&&&&&&&&&&&&&&&&

## LS – EDUCATION

പാർലമെൻറിൽ ബജറ്റിന്മേലുള്ള ധനാഭ്യർത്ഥന ചർച്ചകൾ പുരോഗമിക്കുന്നു. വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ ധനാഭ്യർത്ഥനകളാണ് ലോക്സഭ ഇന്ന് ചർച്ചയ്ക്കെടുത്തത്. കഴിഞ്ഞ 10 വർഷങ്ങളിൽ രാജ്യത്ത് ഗുണനിലവാരമുള്ള വിദ്യാഭ്യാസം, അടിസ്ഥാന സൗകര്യം തുടങ്ങിയവയിൽ വൻ മുന്നേറ്റമാണ് പ്രകടമാകുന്നതെന്ന് ചർച്ചയ്ക്ക് തുടക്കം കുറിച്ച് ബി ജെ പി അംഗം തേജസ്വി സൂര്യ പറഞ്ഞു. രാജ്യത്തെ സ്കൂളുകളിലേയും കോളേജുകളിലേയും ഒഴിവുകൾ എത്രയും വേഗം നികത്തണമെന്ന് ചർച്ചയിൽ പങ്കെടുത്ത കോൺഗ്രസ് അംഗം മൊഹമ്മദ് ജാവേദ് പറഞ്ഞു.

&&&&&&&&&&&&&&&&&&

## LS- ROAD ACCIDENT VICTIMS

റോഡപകടങ്ങളിൽപ്പെടുന്നവർക്ക് പണരഹിത ചികിത്സയാണ് സർക്കാർ നൽകുന്നതെന്ന് കേന്ദ്രമന്ത്രി നിതിൻ ഗഡ്കരി. നാഷണൽ ഹെൽത്ത് അതോറിറ്റിയുടെ സഹകരണത്തോടെ ചണ്ഡീഗഡിലും അസമിലും പരീക്ഷണാടിസ്ഥാനത്തിലാണ് ചികിത്സ നൽകുന്നത്. ലോക്സഭയിൽ രേഖാമൂലം നൽകിയ മറുപടിയിലാണ് കേന്ദ്രമന്ത്രി ഇക്കാര്യം വ്യക്തമാക്കിയത്. ആയുഷ്മാൻ ഭാരത് പ്രധാൻ മന്ത്രി-ജൻ ആരോഗ്യ യോജനയ്ക്ക് കീഴിൽ എംപാനൽ ചെയ്ത ആശുപത്രികളിൽ റോഡപകടങ്ങളിൽ പെട്ടവർക്ക് ട്രോമ, പോളി ട്രോമ കെയർ എന്നിവയുമായി ബന്ധപ്പെട്ട ആരോഗ്യ ആനുകൂല്യ പാക്കേജുകൾ നൽകുമെന്ന് അദ്ദേഹം പറഞ്ഞു. അപകടം നടന്ന തീയതി മുതൽ പരമാവധി ഏഴു ദിവസത്തേക്ക് പരമാവധി ഒരു ലക്ഷത്തി 50,000 രൂപ വരെ നൽകുമെന്നും ശ്രീ. ഗഡ്കരി പറഞ്ഞു.

&&&&&&&&&&&&&&&&&&

## RS TOURIST INDIA

വേൾഡ് ഇക്കണോമിക്ക് ഫോറം പ്രസിദ്ധീകരിച്ച ട്രാവലൽ & ടൂറിസം ഇൻഡെക്സ് 2024 -ൽ ഇന്ത്യക്ക് 39-ാം സ്ഥാനം. 2022-ൽ 975 ദശലക്ഷം വിദേശ വിനോദസഞ്ചാരികൾ ഇന്ത്യയിലെത്തിയെന്നും കേന്ദ്രമന്ത്രി ഗജേന്ദ്രസിംഗ് ഷെഖാവത്ത് രാജ്യസഭയെ അറിയിച്ചു. 2022-ൽ ഏഷ്യയിലെയും പസഫിക്കിലെയും ആകെ വിനോദസഞ്ചാരികളുടെ 15.66ശതമാനം ഇന്ത്യയിലേക്കായിരുന്നുവെന്നും സുരക്ഷ, ആരോഗ്യം , ശുചിത്വം

എന്നീ മേഖലകളിൽ ഇന്ത്യ മെച്ചപ്പെട്ട പ്രകടനമാണ് കാഴ്ചവയ്ക്കുന്നതെന്നും കേന്ദ്രമന്ത്രി അറിയിച്ചു.

&&&&&&&&&&&&&&&&&&

## RS-JUDGES VACANCIES

രാജ്യത്തെ വിവിധ ഹൈക്കോടതികളിലായി 359 ജഡ്ജിമാരുടെ ഒഴിവുകൾ ഉള്ളതായി കേന്ദ്ര മന്ത്രി അർജുൻ റാം മേഘ്വാൾ രാജ്യസഭയെ അറിയിച്ചു. ഇന്ത്യയിലുടനീളമുള്ള ജില്ലാ കോടതികളിലും സബ് കോടതികളിലുമായി 5,238 ഒഴിവുകളാണുള്ളതെന്നും അദ്ദേഹം രേഖാമൂലമുള്ള മറുപടിയിൽ പറഞ്ഞു.

&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&
&&&&&&&&&&&&
&&&&&&&&&&
&&&&&&&&
&&&&&&
&&&&
&&&
&&
&